പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 79

28.06.2016 ൽ
മറുപടിക്ക്

## ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ ; | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര പഞ്ചായത്തുകളാണ് ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) 4 പഞ്ചായത്തുകളും 1 കോർപ്പറേഷൻ വാർഡും. |
| ബി) പ്രസ്തുത സ്റ്റേഷനിലെ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | ബി) ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിൽ അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ എണ്ണം 49 ഉം നിലവിലുള്ള ജീവനക്കാരുടെ എണ്ണം 40 ഉം ആണ്. |
| സി) ഭൂവിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് പുതുവൈപ്പ് മേഖല കേന്ദ്രീകരിച്ച് പുതുതായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി പുന:ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) നിലവിൽ പുതുവൈപ്പ് മേഖല കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ അധികാര പരിധി പുന:ക്രമീകരിക്കുന്നതിനും പദ്ധതികളില്ല. എന്നാൽ എറണാകുളം റൂറൽ ജില്ലയുടെ കീഴിൽ വരുന്ന ഞാറയ്ക്കൽ പോലീസ് സ്റ്റേഷന്റെ കീഴിൽ ഉള്ള പുതുവൈപ്പിൻ മേഖലയെ മുളവുകാട് പോലീസ് സ്റ്റേഷന് കീഴിൽ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ